<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5456</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ലോഫ്ലോർ, സ്വിഫ്റ്റ് ബസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ്, സ്വിഫ്റ്റ് ബസ് എന്നിവയ്ക്ക് ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർഫാസ്റ്റ് ശ്രേണി വരെയുള്ള മുഴുവൻ സർവീസുകൾക്കും നിലവിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നാൽ കുറഞ്ഞ സമയം കൊണ്ട് താരതമ്യേന കുറഞ്ഞ സ്റ്റോപ്പുകൾ മാത്രം ഉപയോഗിച്ച് നടത്തുന്ന ദീർഘദൂര സർവീസുകളിലെ യാത്രക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന വിധത്തിൽ ക്രമീകരിച്ചിരിക്കുന്ന ബൈപ്പാസ് റൈഡർ, ഡീലക്സ്, മിന്നൽ ശ്രേണിയിൽപെട്ട ബസ്സുകൾ വളാഞ്ചേരി ബൈപ്പാസ് വഴിയാണ് സ്റ്റോപ്പുകൾ കുറച്ച് ക്രമീകരിച്ചിട്ടുള്ളത്. ബൈപ്പാസ് നിർമ്മാണ ജോലികൾ നടക്കുന്നതിനാൽ താൽക്കാലിക ക്രമീകരണമായിട്ടാണ് വളാഞ്ചേരി വഴി ഓപ്പറേറ്റ് ചെയ്ത് വരുന്നത്.<br><br>മേൽ കാരണങ്ങളാൽ വളാഞ്ചേരിയിൽ ഇത്തരം സർവീസുകൾക്ക് പ്രത്യേക സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളാഞ്ചേരി ബൈപ്പാസ് വഴിയാണ് ഇത്തരം സർവീസുകൾ ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്ത് വരുന്നത്. ബൈപ്പാസ് നിർമ്മാണ ജോലികൾ നടക്കുന്നതിനാൽ താൽക്കാലിക ക്രമീകരണമായിട്ടാണ് വളാഞ്ചേരി വഴി ഇത്തരം സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയ സർവീസുകളും, ബൈപ്പാസ് റൈഡർ സർവീസുകളും ഓപ്പറേറ്റ് ചെയ്ത് വരുന്നത്.<br><br>ആയതിനാൽ ഇത്തരം പ്രത്യേക സർവീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുകയില്ല. |
| (സി) | ലോഫ്ലോർ, സ്വിഫ്റ്റ് ബസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും | (സി) | പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളാഞ്ചേരി ബൈപ്പാസ് വഴിയാണ് ഇത്തരം സർവീസുകൾ |

| | | | |
|---|---|---|---|
| | അനുവദിച്ച് നിലവിലുള്ള യാത്രാ ക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്ത് വരുന്നത്. ബൈപ്പാസ് നിർമ്മാണ ജോലികൾ നടക്കുന്നതിനാൽ താൽക്കാലിക ക്രമീകരണമായിട്ടാണ് വളാഞ്ചേരി വഴി ഇത്തരം സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയ സർവീസുകളും, ബൈപ്പാസ് റൈഡർ സർവീസുകളും ഓപ്പറേറ്റ് ചെയ്ത് വരുന്നത്.<br><br>ആയതിനാൽ ഇത്തരം പ്രത്യേക സർവീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ